**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5263** **21-07-2022 - ൽ മറുപടിയ്ക്ക്**

**സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിങ് ആൻഡ് ട്രെയിനിങ്ങിലെ പെൻഷൻ പ്രായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ഷാഫി പറമ്പിൽ ,<br>ശ്രീ . സണ്ണി ജോസഫ് ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. സനീഷ്കുമാർ ജോസഫ് | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ഉന്നതവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിങ് ആൻഡ് ട്രെയിനിങ്ങിൽ പെൻഷൻ പ്രായം 60 ആയി വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) | ഉന്നതവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിങ് ആൻഡ് ട്രെയിനിംഗ് (C-apt)-ലെ ജീവനക്കാരുടെ പെൻഷൻ പ്രായം 58 വയസ്സിൽ നിന്നും 60 ആയി വർദ്ധിപ്പിച്ചുകൊണ്ട് 31-05-2022-ലെ സ.ഉ.(കൈ)നം.265/2022/HEDN പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് **അനുബന്ധം** ആയി ചേർത്തിട്ടുണ്ട്. |
| (ബി) | പെൻഷൻ പ്രായം 60 ആക്കി മേയ് 31-ന് സർക്കാർ ഉത്തരവിറക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; ഇതിന്റെ വിശദാംശങ്ങൾ നൽകാമോ; | (ബി) | 'എ ' യിൽ നൽകിയിരിക്കുന്നു. |
| (സി) | പെൻഷൻ പ്രായം 60 ആക്കി ഉയർത്താനുണ്ടായ കാരണം വിശദമാക്കാമോ? | (സി) | 2013 മുതൽ സർക്കാർ സർവ്വീസിൽ പ്രവേശിക്കുന്ന ജീവനക്കാർ പങ്കാളിത്ത പെൻഷൻ പദ്ധതിയുടെ ഭാഗമായതിനാൽ അവർക്ക് 60 വയസ്സ് വരെ ജോലിയിൽ തുടരാവുന്നതാണ്. എന്നാൽ ജീവനക്കാർക്ക് തുച്ഛമായ പെൻഷൻ മാത്രം ലഭിക്കുന്ന ഇ.പി.എഫ് പെൻഷൻ പദ്ധതിയാണ്<br>സി - ആപ്റ്റിൽ നിലവിലുള്ളതെന്നും ആയതിനാൽ സി-ആപ്റ്റ് ജീവനക്കാരുടെ പെൻഷൻ പ്രായം 58 വയസ്സിൽ നിന്നും 60 വയസ്സായി ഉയർത്തണമെന്നും മാനേജിംഗ് ഡയറക്ടർ സർക്കാരിനോട് ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് സി-ആപ്റ്റിലെ ജീവനക്കാരുടെ പെൻഷൻ പ്രായം വർദ്ധിപ്പിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

'ഭരണഭാഷ - മാതൃഭാഷ'      File No: HEDN-K3/81/2022-HEDN      Break the Chain

# കേരള സർക്കാർ

## സംഗ്രഹം

ഉന്നതവിദ്യാഭ്യാസ വകുപ്പ് - കേരള സംസ്ഥാന സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആന്റ് ട്രെയിനിംഗ് (സി-ആപ്റ്റ്) ലെ സ്ഥിരംജീവനക്കാരുടെ വിരമിക്കൽ പ്രായം 58 വയസ്സിൽ നിന്നും 60 വയസ്സായി ഉയർത്തി ഉത്തരവാകുന്നു.

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

**ഉന്നതവിദ്യാഭ്യാസ (കെ) വകുപ്പ്**

**സ.ഉ.(കൈ) നം.265/2022/HEDN      തീയതി, തിരുവനന്തപുരം 31-05-2022**

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

പരാമർശം :- സി-ആപ്റ്റ് മാനേജിംഗ് ഡയറക്ടറുടെ 21-04-2022-ലെ സി-ആപ്റ്റ്/295/16/എ.ഡി./ഇ.എസ്. റ്റി നമ്പർ കത്ത്.

## ഉത്തരവ്

കേരള സംസ്ഥാന സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആന്റ് ട്രെയിനിംഗ് (സി-ആപ്റ്റ്) ലെ ജീവനക്കാരുടെ നിലവിലെ വിരമിക്കൽ പ്രായം 58 വയസ്സാണെന്നും, ആയത് 60 വയസ്സായി ഉയർത്തിയാൽ സി-ആപ്റ്റിലെ ജീവനക്കാർക്ക് രണ്ട് വർഷം കൂടി അധിക സർവ്വീസ് ലഭിക്കുമെന്നും സി-ആപ്റ്റ് മാനേജിംഗ് ഡയറക്ടർ പരാമർശ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. കൂടാതെ, പ്രസ്തുത വിഷയം സി-ആപ്റ്റിന്റെ 30-03-2022-ൽ കൂടിയ 58-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചപ്പോൾ ജീവനക്കാരുടെ വിരമിക്കൽ പ്രായം വർദ്ധിപ്പിക്കുന്നത് സർക്കാരിന്റെ നയപരമായ തീരുമാനമായതിനാൽ ഈ വിഷയം സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ എക്സിക്യൂട്ടീവ് കമ്മിറ്റി ശിപാർശ ചെയ്യുകയുണ്ടായെന്നും അദ്ദേഹം അറിയിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, സി-ആപ്റ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ശിപാർശയുടെയും സി-ആപ്റ്റ് മാനേജിംഗ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസലിന്റെയും അടിസ്ഥാനത്തിൽ ഉത്തരവ് തീയതി മുതൽ പ്രാബല്യം നൽകി സി-ആപ്റ്റിലെ സ്ഥിരം ജീവനക്കാരുടെ പെൻഷൻ പ്രായം 58 വയസ്സിൽ നിന്നും നിന്ന് 60 വയസ്സായി ഉയർത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(മറുപുറം)

3. പ്രസ്തുത ഉത്തരവ് നടപ്പിലാക്കുന്നതിനാവശ്യമായ തുടർനടപടികൾ സി-ആപ്റ്റ് മാനേജിംഗ് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ഡോ. വേണു. വി. ഐഎഎസ്**
**അഡീഷണൽ ചീഫ് സെക്രട്ടറി**

പകർപ്പ് :-

1. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആന്റ് ട്രെയിനിംഗ് (സി-ആപ്റ്റ്), തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), തിരുവനന്തപുരം.
3. ധനകാര്യ വകുപ്പ് (U0 No:2071552/EDN-B2/78/2022-FIN കുറിപ്പ് പ്രകാരം).
4. പൊതുഭരണ (എസ്.സി) വകുപ്പ്.
5. നോഡൽ ഓഫീസർ, വെബ് സൈറ്റ്, ഉന്നതവിദ്യാഭ്യാസവകുപ്പ്.
6. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ